# GGVHSS

PERINTHALMANNA

LITTLE KITES

2024

# ചിന്ത്

CHINTH

## DIGITAL MAGAZINE

Little KITEs
I T CLUB

THE CREATIVE EXPLOSION OF LK 2K24

# മുഖമൊഴി

ജി ജി വി എച്ച് എസ് പെരിന്തൽമണ്ണയിൽ 2023-24 അധ്യായന വർഷത്തിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെയും, അധ്യാപകരുടെയും സൃഷ്ടികളാണ് ചിന്ത് എന്ന ഈ ഡിജിറ്റൽ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.... ഈ ഉദ്യമവുമായി സഹകരിച്ച ബഹുമാന്യനായ പ്രധാന അധ്യാപകൻ ശ്രീ സക്കീർ ഹുസൈൻ സാർ, മറ്റ് അധ്യാപകർ, കൊച്ചു കൂട്ടുകാർ എവർക്കും ഹൃദയംഗമമായ നന്ദി.....

**നിങ്ങൾ ഒരു കാര്യം അതി തീവ്രമായി ആഗ്രഹിച്ചാൽ അത് നിങ്ങൾക്കു വേണ്ടി നേടിത്തരാൻ ഈ പ്രപഞ്ചം മുഴുവൻ ഗൂഢാലോചന നടത്തും**

**പൗലോ കൊയിലോ**

അതുപോലെ ഒരു ശ്രദ്ധാലോചനയുടെ ഫലമാണ് ഈ ഡിജിറ്റൽ മാഗസിൻ. ഈ ശ്രദ്ധാലോചനയിൽ പങ്കാളികളായ എല്ലാ പ്രിയപ്പെട്ടവർക്കും നന്ദി.....

അധ്യാപകർ
ജീവൻ ലാൽ പി എൻ
ബഷീർ കെ പി
രേണു ആർ നാഥ്
2022-24 ബാച്ച് ലിറ്റിൽ കൈറ്റ്
അംഗങ്ങൾ

# ആശംസകൾ

"ചിന്ത് " ൽ ഒരൊറ്റപിടി നെല്ലിയ്ക്കയുണ്ട്. പഠിപ്പോർമ്മകളുടെയും അനുഭവങ്ങളുടെയും കയ്പ്പിനെ മധുരിപ്പിച്ചെടുക്കുന്ന എന്റെ വിദ്യാർത്ഥികളുടെയും സഹപ്രവർത്തകരുടെ യും അക്ഷരമുദ്രകളാണത്

ആശംസകൾ പ്രിയരെ.

സക്കീർ ഹുസൈൻ പി
ഹെഡ് മാസ്റ്റർ
GGVHSS പെരിന്തൽമണ്ണ

# താളുകളിലേക്ക്...

- മുഖമൊഴി
- ആശംസ-സക്കീർ ഹുസൈൻ പി,ഹെഡ് മാസ്റ്റർ
- തോരാനാവാതെ.... മഴ - ജയശ്രീ ആനമങ്ങാട്
- ബഷീർ ദിനം-നേഹ കെ 10D
- നിഴൽ-ഫാത്തിമ അസ്ന കെ
- ലഹരി വിരുദ്ധ ദിനം-വര-റിസ 8C,
  ഫാത്തിമ സഫ സി 9A
- കാത്തിരിപ്പ്-ഗീത എം
- പരിസ്ഥിതി ദിനം-വര-ദേവീ ചന്ദന 9A,ഫാത്തിമ
  ഹിബ വി 9B,ഫാത്തിമ ഹസ്ന സി 9B
- എക്സികുട്ടി ക്രൂകിപ്പായുകയാണ്-നന്ദകുമാർ എ പി
- ഗ്രാമഭംഗി..ഗീത എം
- രക്തദാന ദിനം-വര-ഫാത്തിമ സഫ സി 9A,
  ഫാത്തിമ അഫ് ല കെ പി 0C
- That one day-Mariya BeenaThomas
- ..................-സുനിത എം
- എങ്ങനെയുണ്ട്  ബുദ്ധി....ഗീത എം
- സ്വാതന്ത്ര്യ ദിനം-വര-ഫാത്തിമ ജന്ന കെ വി, 9A
- മഴ .......-അഫ് ലഹ അക്ബർ ടി വി
- മധുരം മലയാളം-ഗീത എം
- .................നജ്മ പി

# തോരാനാവാതെ.... മഴ

ജയശ്രീ ആനമങ്ങാട്
GGVHSS Perintalmanna



പിന്നെയും പിന്നെയും പെയ്യുന്ന
മഴയെ കുറിച്ചാണ് എനിക്ക് പറയാനുള്ളത്

മനുഷ്യക്കുരുതിയുടെ
വന്യമായ ആഹ്ലാദം
സിരകളിലാവാഹിച്ച്
അങ്ങകലെ പെയ്യുന്ന മഴ.,,,
തീ തുപ്പുന്ന മിസൈലുകളെ
തണുപ്പിക്കാൻ ആവാതെ
നിസ്സഹായയായ്.....

നേർത്ത കാറ്റിൻ്റെ മൂളലോടെ കോരിച്ചൊരിഞ്ഞ മഴയിലാണ്
പിഞ്ചുകുഞ്ഞിനെ കശാപ്പുകാരൻ കവർന്നത്....
അന്നത്തെ കണ്ണീർമഴയ്ക്ക് ഉപ്പിൻ്റെ ചുവയുണ്ടെന്ന് ആരും അറിഞ്ഞില്ല.,,

കോരിച്ചൊരിഞ്ഞ് പേമാരിയായ
ആ മഴയിലാണല്ലോ - നമ്മൾ നമ്മളല്ലാതായത്
ആ മഴച്ചാലുകൾ ഓസ്കാർ വേദികൾ കയറുമ്പോൾ
ആശ്വാസത്തിലും അവിശ്വാസത്തിൻ്റെ നിശ്വാസങ്ങൾ....

മഴയ്ക്കെന്നും പ്രണയ മഴയാകാനാവില്ലല്ലോ.,,
പ്രണയവും പകയും വേർതിരിക്കാനാവാതെ
മഴ അപ്പോഴും പെയ്തു കൊണ്ടിരിക്കയായിരുന്നു....
തോരാനാവാതെ....

Jayasree Anamangad



പാത്തുമ്മാന്റെ ആട്(കഥാപാത്രം)


വൈക്കം മുഹമ്മദ് ബഷീർ


# നിഴൽ



ഇരുണ്ട പാതയിലൂടെ
അയാൾ നടന്നു
നീങ്ങുകയായിരുന്നു പെട്ടെന്ന്
അയാളുടെ പുറകിൽ ആരോ
ഉള്ളതായി തോന്നി. അയാൾ
പതിയെ തിരിഞ്ഞു നോക്കി
...പക്ഷേ ആരെയും കണ്ടില്ല...
വീണ്ടും മുന്നോട്ടു നടന്നു... പുറകിൽ ആരോ
ഉള്ളതായി തോന്നി.... വീണ്ടും വീണ്ടും തിരിഞ്ഞു
നോക്കി... ഭയന്ന് വിറച്ച് നടക്കുന്നതിനിടെ
അയാൾ ആ നിഗൂഢ സത്യം മനസ്സിലാക്കി...
അത് വേറെ ആരും അല്ല;അയാളുടെ തന്നെ
നിഴലാണ്. സ്വന്തം നിഴൽ തന്നെയാണ് തന്നെ
പിന്തുടരുന്നത് എന്ന് മനസ്സിലാക്കിയപ്പോൾ, ഒരു
ചെറുപുഞ്ചിരിയോടെ അയാൾ നടന്നകന്നു.....

ഫാത്തിമ അസ്ന കെ,9A



Drugs
Ruins
Lives
JUNE 18
International
ANTI-DRUG DAY
RISA 8-C




"Drugs take you to
Hell disguised
as Heaven..."
June 26
Say No
To Drugs

# *കാത്തിരിപ്പ്*

കുങ്കുമംചാലിച്ച സായന്തനത്തിൽ
അമ്പലമുറ്റത്തെ കൽപടവിൽ നമ്മൾ നെയ്ത്ത പ്രണയസ്വപ്നത്തിൻ
ചില്ലുകൊട്ടാരം
വീണുടഞ്ഞു
നഷ്ടമോഹങ്ങൾ മാത്രം ബാക്കിനിൽപ്പൂ
നിനച്ചിരിക്കാതെ ഒരു
അഗ്നിസ്ഫുരണമായ്
ഇന്നുമെൻ മനസ്സിലവൾ
മിന്നിമാഞ്ഞിരിപ്പൂ
തന്തികൾ പൊട്ടിയ
മാനസ വിപഞ്ചികയിൽ
ശ്രുതിപോയ പ്രണയ ശീലുകൾ
പ്രിയസഖിതൻ കരലാളനം
ഏറെ നാളായ് കൊതിച്ചിരിപ്പൂ
പ്രേമ മലരായ് സുഗന്ധം പൊഴിച്ചവൾ
പ്രണയ മഴയായ് കുളിരു പൊഴിച്ചവൾ
ഉരുകുന്നു മമ തപ്ത മാനസം
ഒരു കുളിർ ബിന്ദുവായ് അവൾ ഇറ്റു വീഴുന്ന നാളുകൾ
കാത്തിരിക്കും ഞാനൊരു വേഴാമ്പൽ കണക്കെ
ഈറൻ മിഴികളിൽ
സ്വപ്നം നിറച്ചു ഞാൻ
നിൻ പദനിസ്വനം കാതോർത്തിരിക്കും
സ്നേഹശില്പമേ നിന്നെയെൻ മാനസകോവിലിൽ
ദേവിയായ് കാത്തുവെക്കും ഞാൻ






World enviornment day




Devichandhana,
9 A

# എക്സികുട്ടി ക്രൂകിപ്പായുകയാണ് .....



എക്സികുട്ടി വല്ലാത്ത സന്തോഷത്തിലാണെന്ന് തോന്നുന്നു. ഈയിടെയായി അവൾ അങ്ങനാണ്. രൂപത്തിലും ഭാവത്തിലും മാറിയിരിക്കുന്നു. ഓട്ടത്തിന് ശക്തി കൂടിയിരിക്കുന്നു...

തന്റെ പ്രിയപ്പെട്ടവരെ അവരവരുടെ താവളങ്ങളിൽ എത്തിക്കാനുള്ള തത്രപ്പാടാണവൾക്ക്.
അത്രയേറെ ആഴത്തിലുള്ള സൗഹൃദമാണത്.
പലരോടും.
കുതിച്ചു പായുകയാണവൾ....
താളാത്മകമായി ക്രൂകി വിളിച്ച്....

അവളെ കാത്തു നിൽക്കുന്നവർ ഒരു വശത്ത് യാത്ര പറഞ്ഞ് പിരിയുന്നവർ വേറെ...

ഞാനോർത്തു.. എത്രയാളുകളുടെ സ്നേഹ സാന്നിധ്യമാണിവൾ..

ജിവിതയാത്രയിലെ ഒരു പ്രധാന കണ്ണി....

ഇതിനിടയിൽ ഹാർമോണിയത്തിൽ ഒരു മുഹമ്മദ് റാഫി ഗാനം ദൂരെ നിന്ന് കേട്ടു... മികച്ച രീതിയിലുള്ള ആ ഹാർമോണിയ നാദം എന്നെ വല്ലാതെ ആകർഷിച്ചു... ക്രമേണ ആ ശബ്ദം അടുത്തടുത്ത് വരുന്നതായി തോന്നി... ഞാൻ കൂടുതൽ സന്തോഷവാനായി നാലുപാടും തിരിഞ്ഞു നോക്കി... .നീണ്ടു മെലിഞ്ഞ് മുഷിഞ്ഞ വസ്ത്രധാരിയായ ഒരാൾ. നരച്ച താടിയും, നീണ്ട മുടിയും... പൊട്ടിപൊളിഞ്ഞ ... നിറയെ സ്റ്റിക്കറുകൾ ഒട്ടിച്ച, കട്ടകളെല്ലാം ഇളകിയ ഒരു പഴഞ്ചൻ ഹാർമോണിയത്തിൽ, അയാളുടെ മാന്ത്രിക വിരലുകൾ പറക്കുന്നത് ഞാൻ അത്ഭുതത്തോടെ നോക്കി നിന്നു.

റിയാലിറ്റിഷോകളിലെ അത്ഭുത സാന്നിധ്യം സ്റ്റീഫൻ ദേവസിയെ ഓർത്തു.

കഴിവുണ്ടായിട്ടും പ്രോത്സാഹനം കിട്ടാത്ത...ആരാലും ശ്രദ്ധിക്കപ്പെടാത്ത ഇതുപോലുള്ള എത്രയോ കലാകാരൻമാർ ആ കമ്പാർട്ട്മെന്റിലുള്ളവർ മിക്കപേരും ചുറ്റും കൂടി...

ഇതൊന്നുമറിയാതെ എക്സ്പ്രസ്സ് കുതിച്ച് പായുകയാണ്

ആ ഗാനത്തിനു ശേഷം തന്റെ കയ്യിലുള്ള പാത്രം ഞങ്ങളുടെ നേരെ നീട്ടി... മദ്യത്തിന്റെയും .. വിയർപ്പിന്റെയും അസഹ്യ ഗന്ധം എന്നെ അലോസരപ്പെടുത്തിയെങ്കിലും, അയാളിലെ കലാകാരനെ ആരാധനയോടെ അനുഭവിക്കാനേ എനിക്ക് കഴിഞ്ഞുള്ളൂ...

യാതൊരു മടിയും കൂടാതെ ഞങ്ങൾ എല്ലാവരും നിറഞ്ഞ മനസ്സോടെ അദ്ദേഹത്തെ സഹായിച്ചു... ആ പാത്രം നിറയെ നോട്ടുകൾ കണ്ടപ്പോൾ അയാൾ കൂടുതൽ ഉല്ലാസവാനായി...
ഞങ്ങൾക്കിടയിലിരുന്ന് വീണ്ടും പാടാൻ തുടങ്ങി...
ഞാൻ വീണ്ടും അത്ഭുതത്തോടെ അയാളെ നോക്കി...
യെദുനിയാ എന്ന് തുടങ്ങുന്ന ഗാനം... ഉച്ച സ്ഥായിയിൽ അവസാനം വരെ ഹാർമോണിയം വായിച്ച് പാടുന്നത് കണ്ടപ്പോൾ കണ്ണു നിറഞ്ഞു..
അതാണ് സംഗീതം.. ജാതി മത ഭേദമില്ലാതെ... അതിരുകളില്ലാതെ മനുഷ്യനെ ഒരുമയിലേക്ക് നയിക്കുന്ന ഏക ശക്തി...
സമയം പോയതറിഞ്ഞില്ല..
എക്സികുട്ടി കൂകിപ്പായുകയാണ്.
അമീർ ഭായ് പാടി തകർക്കുകയാണ്. ഏതോ ഒരു സ്റ്റേഷൻ അടുക്കാറായെന്ന് മനസിലായി..
എക്സികുട്ടി പതുക്കെ നടക്കാൻ തുടങ്ങി... ഞാൻ പുറത്തേക്കു നോക്കി ... തലശ്ശേരി!.. ത്ര പെട്ടെന്നോ?

ഇനി വെറും ഇരുപത് നിമിഷങ്ങൾ മാത്രം...
ഞങ്ങൾ ആഗ്രഹിച്ച ഗാനങ്ങളെല്ലാം അയാൾ പാടി...
മനസ് നിറഞ്ഞു..
എന്റെ തൊട്ടടുത്തി രു ന്ന ,തൊട്ടു മുന്നെ പരിചയപ്പെട്ട രാജേട്ടൻ  പതുക്കെ പറഞ്ഞു...
"മാഷേ മ്മക്ക് ഇയാൾക്കൊരു ഹാർമോണിയം വാങ്ങികൊടുത്താലോന്ന്
ഞാനീ കാര്യം  അവതരിപ്പിച്ചപ്പോൾ  ഇത്ര നേരം പാട്ട് ആസ്വദിച്ച എല്ലാവരും സന്തോഷത്തോടെ .. ഒരു കൊച്ചു പിരിവ് നടത്തി മോശമല്ലാത്ത ഒരു തുക പെട്ടെന്ന് തയാറാക്കി.
കണ്ണൂരിലുള്ള ഏതെങ്കിലും ഒരു സംഗീത ഉപകരണ കടയിൽ നിന്ന് സാധനം വാങ്ങി അടുത്ത ദിവസം തന്നെ അമീറിന് റെയിൽവേ സ്റ്റേഷനിൽ എത്തിക്കാം എന്ന് തീരുമാനിച്ചു..
ഈ കാര്യം ഹിന്ദിയിയിൽ അമീറിനോട് പറയുന്നതിൽ ഞങ്ങൾ അൽപം ബുദ്ധിമുട്ടിയെങ്കിലും ഒടുവിൽ അദ്ദേഹത്തിന് കാര്യം മനസിലായി...നിറകണ്ണുകളോടെ .. കൂപ്പുകൈകളോടെ അയാൾ നിന്നു...
മൗനം വാചാലമാകുന്നു.

അപ്പോഴേക്കും എക്സിക്യൂട്ടി സന്തോഷപൂർവ്വം ലക്ഷ്യസ്ഥാനത്തെത്തിയിരുന്നു.

നന്ദകുമാർ എ പി

# ഗ്രാമഭംഗി


ഗീത എം..GGVHSS Perinthalmanna



കൈരളീ നീയെന്നുള്ളിൽ
മധുവായ് നിറയും
നാവിൽ മധുര സംഗീതമാകും
കണ്ണിൽ ആനന്ദ മലരായ്
വിടരും
കാതിൽ ശ്രവണ സുഖമായ് അലിയും
തനുവിൽ രോമാഞ്ച സ്പർശനമാകും
തുഞ്ചന്റെ ശാരിക തൻ
കിളിക്കൊഞ്ചലായ്
കലയുടെ നാട്ടിൽ
എന്നും  ഒഴുകട്ടെ ഈ മലയാളം



WORLD BLOOD DONATE DAY
A+
O+
B-
AB+
A-
O-
B+
AB-


Every drop of
Blood donated
brings hope and
life



That one day,
When I must failure
I left all of my hopes ,
But when I saw the light of victory
I realized that......
It's time to shine again

Maria Beena Thomas 9D

സുനിത എം....
GGVHSS Perinthalmanna



മോഹങ്ങളെ
മയ്യത്തടക്കിപ്പിരിയുമ്പോൾ
മീസാൻ കല്ലുകൾക്കിടയിൽ
പൂച്ചെടികൾ വയ്ക്കാൻ
മറക്കരുത്
ഓരോ മൺതരിക്കിടയിലും
ഒരു നൂറു കല്ലറകൾ ....
ഇടനാഴിയുടെ
അനന്തതയിൽ
ഉറക്കത്തിലാണെങ്കിലും
ഒരുനാൾ
ഉയിർത്തെഴുന്നേറ്റ് ഉടൽ രൂപമാകും.
പിന്നെ, പരിചിതരെ പ്പോലെ
അന്യോന്യം ഒരേ ഭാഷ സംസാരിക്കും
ഒരേ കഥകൾ പറയും
നീ ഞാനും ഞാൻ നീയുമാണെന്ന്
കണ്ണുകളിലൂടവർ വായിച്ചെടുക്കും.

## എങ്ങനെയുണ്ട് ബുദ്ധി



ഭീമൻകാട്ടിലെ രാജാവായിരുന്ന ഭീമൻ സിംഹം. ആ കാട് അറിയപ്പെടുന്നത് തന്നെ അവന്റെ പേരിലായിരുന്നു,എന്ന് പറയുന്നതായിരിക്കും കൂടുതൽ ശരി. അവന്റെ പേര് കേട്ടാൽ തന്നെ എല്ലാവരും പേടിക്കുമായിരുന്നു. അത്രക്ക് ഭയങ്കരനും അഹങ്കാരിയുമായിരുന്നു, ഭീമൻ.കൊച്ചുമൃഗങ്ങൾക്കെല്ലാം പുറത്തിറങ്ങാൻ പറ്റാതായി.  ഇങ്ങനെ ഒരു രാജാവുണ്ടെങ്കിൽ പിന്നെ പ്രജകളുടെ കാര്യം....ഗോ..വിന്ദ .

എന്താണൊരു പോംവഴി?

കൊച്ചുമൃഗങ്ങളെല്ലാം രഹസ്യമായി ഒരു സ്ഥലത്ത് ഒത്തുകൂടി. ചർച്ചയാരംഭിച്ചു. കൂട്ടത്തിൽ അതിബുദ്ധിമാനായ ചൊക്കനെലി ഒരു ഉപായം പറഞ്ഞുകൊടുത്തു.

പിറ്റേ ദിവസം ചൊക്കനെലി എന്നും കാണാറുള്ള ആ നായാട്ട്കാരന്റെ അടുത്ത് ചെന്ന് ഇങ്ങനെ പറഞ്ഞു-" നായാട്ട് മാമാ,നായാട്ട് മാമാ, ഒരു ഉപകാരം ചെയ്ത് തരാമോ"? എന്തുപകാരം?


നായാട്ട് കാരൻ ചോദിച്ചു. ചൊക്കൻ ഭീമൻ രാജാവിനെക്കുറിച്ച് എല്ലാ കാര്യങ്ങളും പറഞ്ഞുകൊടുത്തു. ഞാനെന്താ ചെയ്യേണ്ടത്? അയാൾ ചോദിച്ചു. ഞാൻ പറയുന്നിടത്ത് വല വിരിക്കണം.രാജാവിനെ ഞാൻ അവിടെ കൊണ്ടെത്തിക്കാം,ചൊക്കൻ പറഞ്ഞു.

ആട്ടെ,എനിക്കെന്തു തരും? അയാൾ ചോദിച്ചു. ചൊക്കൻ പറഞ്ഞു- "പിന്നെ ഞങ്ങൾ ഓരോരുത്തരും ചേട്ടന്റെ സ്വന്തം,എന്താ പോരേ? അനുമതി, അയാൾ പറഞ്ഞു.

ചൊക്കൻ നേരെ സിംഹത്തിന്റെ അടുത്ത് ചെന്നിട്ടു പറഞ്ഞു- " രാജാവേ അങ്ങ് എന്നെ കൊല്ലും എന്ന് എനിക്കറിയാം. അതിന് മുമ്പ് എന്റെ കൂടെ ഒന്ന് വരണം. അവിടെ മറ്റൊരുത്തൻ രാജാവാണെന്ന് പറഞ്ഞു നടക്കുന്നു. "ആരാണാ വമ്പൻ?

"എനിക്കൊന്ന് കാണണം. സിംഹം പിന്നാലെ ചെന്നു. അറിയാതെ ആ വലയിൽ കുടുങ്ങുകയും ചെയ്തു. എങ്ങനെയുണ്ട് ചൊക്കന്റെ ബുദ്ധി?

ഗീത എം....GGVHSS Perinthalmanna




First they ignore you,
then they laugh at you,
then they fight you,
then you win

– Mahatma Gandhi

# Happy Independence Day

9-D
Fathima janna .k.v.


MAHATMA GANDHI
'The future depends
on what we do
in Present'
- Gandhi
'do or die'
- Gandi



# മഴ

ഞാൻ കരുതിയത് ആകാശവും ഭൂമിയും തമ്മിൽ

പ്രണയത്തിൽ ആണെന്നാണ്......

പിന്നീടാണ് മനസ്സിലായത് ഒരിക്കലും ഒന്ന്

ചേരാൻ കഴിയില്ലെന്ന് മനസ്സിലാക്കിയ

ആകാശം,ഭൂമിക്ക് വേണ്ടി പൊഴിച്ച

കണ്ണുനീർത്തുള്ളികൾ ആണ് മഴ എന്ന്.....

Aflaha Akbar. TV...9A

# മധുരം മലയാളം

കൈരളി നീയെന്നുള്ളിൽ
മധുവായ് നിറയും
നാവിൽ മധുര സംഗീതമാകും
കണ്ണിൽ ആനന്ദ മലരായ്
വിടരും
കാതിൽ ശ്രവണ സുഖമായ് അലിയും
തനുവിൽ രോമാഞ്ച
സ്പർശനമാകും
ഉണ്ണിക്കണ്ണന്റെ ശാരിക തൻ
കിളിക്കൊഞ്ചലായ്
കലയുടെ നാട്ടിൽ
എന്നും ഒഴുകട്ടെ ഈ മലയാളം





# ചന്ദ്രയാൻ ഇന്ത്യയുടെ അഭിമാനം

Najma P K

ഇനിയും സഞ്ചരിക്കാത്ത

വഴിയിലേറെ പറക്കണം,

ചിറകുകൾ തളരും വരെ......

പറന്നകന്ന വഴിയിലത്രയും

ളുവൽ പൊഴിക്കണം...

ഞാനുമിതു വഴി പോയിരുന്നുവെന്നറിയാൻ,

എന്റെ മാത്രം..

എന്നെ അറിയുന്ന

എന്റെ അടയാളപ്പെടുത്തലുകൾ..........



നന്ദി......